## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2234** **18-03-2015-ലെ മറുപടിയ്ക്ക്**

**ലോട്ടറി സമ്മാനത്തുക**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എസ്. രാജേന്ദ്രൻ :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) | ലോട്ടറിയുടെ വിജയികളിൽ എത്ര പേർക്ക് സമ്മാനത്തുക നൽകുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) | 2010-11 കാലഘട്ടത്തിൽ അന്യസംസ്ഥാനത്തു നിന്നും ഹാജരാക്കിയ 31 ക്ലെയിമുകൾ ക്രൈം ബ്രാഞ്ച് അന്വേഷണത്തിലാണ്. അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ ഇവയുടെ സമ്മാനത്തുക വിതരണം ചെയ്തിട്ടില്ല. കൂടാതെ ലോട്ടറി മോഷണവുമായി ബന്ധപ്പെട്ട ഒരു ക്ലെയിമിനും (കാരുണ്യ പ്ലസ് 9-ാമത് ഭാഗ്യക്കുറി) സമ്മാനത്തുക നൽകാനുണ്ട്. |
| ബി) | സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് എത്ര കേസുകൾ ഏതൊക്കെ കോടതികളിൽ ലോട്ടറി വകുപ്പിനെതിരെ നിലനിൽക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; | ബി) | സമ്മാനത്തുക നൽകാത്തതു സംബന്ധിച്ച് 11 കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്. |
| സി) | സമ്മാന ഇനത്തിൽ നൽകാൻ ബാധ്യതപ്പെട്ട തുക മൊത്തം എത്ര; അത് ഏതൊക്കെ ഹെഡ്ഡുകളിലായി ഏതെല്ലാം ബാങ്കുകളിലാണ് നിക്ഷേപിച്ചിരിക്കുന്നത്? | സി) | 2075-103-97 എന്ന ഹെഡിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിന്നാണ് സമ്മാനത്തുക മാറുന്നത്. അന്വേഷണത്തിലിരിക്കുന്ന 31 അന്യസംസ്ഥാന ക്ലെയിമുകളിലായി 6,14,70,000/- രൂപയും ലോട്ടറി മോഷണവുമായി ബന്ധപ്പെട്ട ഒരു ക്ലെയിമിലെ (കാരുണ്യ പ്ലസ് 9-ാമത് ഭാഗ്യക്കുറി) സമ്മാനത്തുകയും വിതരണം ചെയ്യാനുണ്ട്. |

**സെക്ഷൻ ഓഫീസർ.**